swamy saranam

# TRAVANCORE DEVASWOM BOARD

**Office of the Executive Engineer, Sabarimala Development Project, Pathanamthitta**

**Ph: - 0468- 2220666** **e-mail: eesabarimala@gmail.com**

**No: SDP/EE/GL-126/2026-27** **Date: 23-09-2026**

**<u>ലേലപരസ്യം</u>**

ശബരിമല സന്നിധാനത്ത് ശേഖരിച്ചിരിക്കുന്ന ആക്രി (ഇരുമ്പ്) സാധനങ്ങളുടെ പരസ്യമായ ലേലം 28-09-2026 തിങ്കളാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ വെച്ച് നടത്തുന്നതാണ്.

ലേലം ചെയ്യുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Details | Quantity |
|---|---|---|
| 1 | Damaged iron material (Scrap) at Sabarimala | 100000 kg (Appx) |

<u>ലേല / ക്വട്ടേഷൻ വ്യവസ്ഥകൾ</u>

1. ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ **തിരിച്ചറിയൽ രേഖയോടൊപ്പം (ആധാർ കാർഡ്) നിരതദ്രവ്യമായ 52,000/- രൂപയ്ക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നോ ധനലക്ഷ്മി ബാങ്കിൽ നിന്നോ എടുത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശബരിമല ഡെവലപ്മെന്റ് പ്രോജക്ട്, പത്തനംതിട്ടയുടെ പേരിൽ മാറാൻ പറ്റുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് (ഡി.ഡി.)** അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിക്ക് മുൻപായി സമർപ്പിച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്.
2. ബോർഡ് അംഗീകരിച്ച മതിപ്പ് വിലയായ ശബരിമല സന്നിധാനത്തെ ആക്രി സാധനങ്ങൾക്ക് **26,00,000/- രൂപയും ആയതിന്റെ 18% GST ഉൾപ്പെടെ ഉള്ള തുകയിൽ** ലേലം ആരംഭിക്കുന്നതാണ്. മേൽ തുകയിൽ താഴെ ക്വോട്ട് ചെയ്യുന്ന ലേലം / ക്വട്ടേഷൻ പരിഗണിക്കുന്നതല്ല.
3. ക്വട്ടേഷൻ നൽകാൻ ആഗ്രഹിക്കുന്നവർ പ്രസ്തുത ക്വട്ടേഷൻ സീൽ ചെയ്ത് കവറിൽ നേരിട്ടോ തപാൽ മുഖേനയോ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശബരിമല ഡെവലപ്മെന്റ് പ്രോജക്ട്, തിരുവിതാംകൂർ ദേവസ്വം ബോർഡ്, പത്തനംതിട്ട, '689645' എന്ന വിലാസത്തിൽ 26/09/2026 തീയതി വൈകിട്ട് 4 മണിക്ക് മുൻപ് കിട്ടത്തക്കവിധം അയക്കേണ്ടതാണ്. ക്വട്ടേഷനോടൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്ക് / ധനലക്ഷ്മി ബാങ്കിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശബരിമല ഡെവലപ്മെന്റ് പ്രോജക്ട്, പത്തനംതിട്ട എന്ന പേരിൽ മാറാൻ പറ്റുന്ന നിരത ദ്രവ്യത്തിനുള്ള **(52,000/-രൂപ)** ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം സമർപ്പിക്കേണ്ടതാണ് .

4. കവറിനുള്ളിൽ ശബരിമല സന്നിധാനത്ത് ശേഖരിച്ചിരിക്കുന്ന ഉപയോഗശൂന്യമായ ഇരുമ്പ് സാധനങ്ങളുടെ ലേലത്തിനുള്ള ക്വട്ടേഷൻ എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
5. ക്വട്ടേഷൻ നൽകിയിട്ടുള്ളവർ ലേല സ്ഥലത്ത് നിർദ്ദിഷ്ട സമയത്തുതന്നെ ഹാജരായിരിക്കേണ്ടതാണ്.
6. പ്രസ്തുത ലേലം കഴിഞ്ഞാലുടൻ സമർപ്പിക്കപ്പെട്ടിട്ടുള്ള ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും, ലേലത്തിലോ ക്വട്ടേഷനിലോ ഏറ്റവും ഉയർന്ന തുക കോട്ട് ചെയ്ത വ്യക്തിക്ക് ലേലം താൽക്കാലികമായി ഉറപ്പിച്ച് നൽകുന്നതുമാണ്. **ടി വ്യക്തി കോട്ട് ചെയ്ത തുകയുടെ 50% ലേലത്തുകയും, കോട്ട് ചെയ്ത മൊത്തം തുകയിന്മേലുള്ള 18% ജി.എസ്.ടി. യും ഉൾപ്പടെ** ലേലസ്ഥലത്തുവച്ചുതന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്.
7. ലേലം/ക്വട്ടേഷൻ സ്ഥിരീകരിച്ച് ഉത്തരവ് നൽകുന്ന മുറയ്ക്ക് ബാക്കി തുക ഒടുക്കി 10 ദിവസത്തിനുള്ളിൽ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ശബരിമല അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽനോട്ടത്തിലും സാധന സാമഗ്രികൾ ശബരിമലയിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.
8. ഏതെങ്കിലും കാരണവശാൽ ലേലം/ക്വട്ടേഷൻ ലഭിക്കുന്നയാൾ നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടി ആൾ അടച്ച തുക ദേവസ്വം ബോർഡിലേക്ക് മുതൽ കൂട്ടുന്നതും സാധന സാമഗ്രികൾ പുനർലേലം ചെയ്യുന്നതുമായിരിക്കും.
9. ലേലം / ക്വട്ടേഷൻ സ്ഥിരീകരിക്കുന്നതിനും കാരണം കാണിക്കാതെ നിരാകരിക്കുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.
10. നിലവിൽ ഡിപ്പാർട്ട്മെന്റിൽ നിലനിൽക്കുന്ന എല്ലാ ലേല വ്യവസ്ഥകളും ഇതിനും ബാധകമാണ്.
11. കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസുമായോ ശബരിമല അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്.
    പത്തനംതിട്ട : 9446218081, ശബരിമല : 9495687135
12. ലേല പ്രകാരം അളവ് കഴിഞ്ഞുള്ള ആക്രി (ഇരുമ്പ്) സാധനങ്ങൾ ലേലം കൊണ്ട ആൾ തന്നെ ഈ ലേലത്തിലെ നിബന്ധനകളും വ്യവസ്ഥകളും പ്രകാരം ലേലത്തുകയുടെ അതേ നിരക്കിൽ അപ്പോൾ തന്നെ ഡിപ്പാർട്ട്മെന്റിൽ ഒടുക്കിവരുത്തി സാധന സാമഗ്രികൾ ശബരിമലയിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

Sd/-

എക്സിക്യൂട്ടീവ് എൻജിനീയർ (ഇൻ ചാർജ്ജ്)

SDP പത്തനംതിട്ട